# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2789 — 17.10.2016 ൽ മറുപടിക്ക്

## ദേശീയ നഗരാരോഗ്യ ദൗത്യം

| | ചോദ്യം<br>ശ്രീ.ഹൈബി ഈഡൻ<br>,, സണ്ണി ജോസഫ്<br>,, കെ.എസ്.ശബരീനാഥൻ<br>,, റോജി എം. ജോൺ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ദേശീയ നഗരാരോഗ്യ ദൗത്യത്തിൽ സംസ്ഥാനത്തെ എല്ലാ നഗരങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ടോ; | (എ) | എല്ലാ നഗരങ്ങളെയും ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കുമോ; | (ബി) | 2011 ലെ കനേഷുമാരിയനുസരിച്ച് സംസ്ഥാനത്തെ അര ലക്ഷത്തിൽ കുറയാത്ത ജനസംഖ്യയുള്ള 43 നഗരങ്ങളെയാണ് ദേശീയ നഗരാരോഗ്യ ദൗത്യത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജനസംഖ്യ മുഖ്യ മാനദണ്ഡമായി നിശ്ചയിച്ചിട്ടുള്ളതിനാൽ കൂടുതൽ നഗരങ്ങളെ ഇതിൽ ഉൾപ്പെടുത്താൻ നിവൃത്തിയില്ല. |
| (സി) | എത്ര ലക്ഷം പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | സംസ്ഥാനത്തെ അര ലക്ഷത്തിൽ കുറയാത്ത ജനസംഖ്യയുള്ള 43 നഗരങ്ങളിലെ താമസക്കാരായ 52.21 ലക്ഷം (5221697) പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. |
| (ഡി) | ഇതുവഴി നഗരവാസികൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ഡി) | രാവിലെ ഒമ്പത് മണി മുതൽ രാത്രി എട്ട് മണി വരെ പ്രവർത്തിക്കുന്ന നഗര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ സേവനമാണ് മുഖ്യമായും ലഭ്യമായിട്ടുള്ളത്.<br>43 നഗരങ്ങളിൽ ചേരികൾക്കും മറ്റു സമീപത്തായി 83 നഗര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ (Urban Primary Health Centres) സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. താഴെപ്പറയുന്ന സേവനങ്ങളാണ് ഇവ നഗരവാസികൾക്ക് നൽകുന്നത്:<br>1. കാലത്ത് ഒമ്പത് മണി മുതൽ സൗജന്യ ലബോറട്ടറി സേവനങ്ങൾ<br>2. ഉച്ചതിരിഞ്ഞു രണ്ടുമുതൽ രാത്രി എട്ട് മണി വരെ സൗജന്യ ഔട്ട് പേഷ്യന്റ് സേവനങ്ങൾ |

| | | | |
|---|---|---|---|
| | | | 3. അവശ്യമരുന്നുകൾ സൗജന്യമായി<br>4. റെഫറൽ സേവനങ്ങൾ<br>5. ഗർഭിണികൾക്കുള്ള പ്രത്യേക സേവനങ്ങൾ.<br>6. ആഴ്ച തോറും ജീവിതശൈലീരോഗ ക്ലിനിക്കുകൾ<br>7. ചേരികളിലും മറ്റും പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ (special outreach camps)<br>8. ഓരോ പതിനായിരം പേർക്ക് ഒന്ന് എന്ന ക്രമത്തിൽ നിയമിതരായിട്ടുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ (JPHNS) മുഖേനയുള്ള വീട്ടു വീടാന്തര ആരോഗ്യ സേവനങ്ങൾ<br>9. പ്രതിരോധ കുത്തിവെയ്പ്പുകൾ ഉൾപ്പെടെയുള്ള രോഗപ്രതിരോധ സേവനങ്ങൾ<br>10. എല്ലാ ദേശീയ ആരോഗ്യപരിപാടികളുടെയും ഭാഗമായുള്ള സേവനങ്ങൾ. |

(signature)

സെക്ഷൻ ഓഫീസർ